LIBRARY ARCHIVES Kerala Legislative Assembly

മൊറയൂരിൽ പുതിയ ഐ.ടി.ഐ.

258 (966) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഐ.ടി.ഐ. തുടങ്ങുന്നതിന് താത്ക്കാലിക സൗകര്യം ഒരുക്കാമെന്നും ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കാമെന്നുമാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചിട്ടുള്ളത്.

പൂഴക്കാട്ടിരി ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം

259 (967) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാടകകെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന പൂഴക്കാട്ടിരി ഗവൺമെന്റ് ഐ .ടി.ഐ.-യ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഗ്രാമ വികസന വകുപ്പ് വിട്ടുനൽകിയ രണ്ടേക്കർ ഭൂമി ഏറ്റെടുക്കുന്നതിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

മങ്കട ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കാച്ചിനിക്കാട് SR No.51/7-ൽപ്പെട്ട 3.51 ഏക്കർ സ്ഥലം പഞ്ചായത്ത് ചൂണ്ടികാട്ടിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥലം നാളിതുവരെയും വകുപ്പിന് കൈമാറിയിട്ടില്ല. ടി സ്ഥലത്ത് ജല ലഭ്യത ഇല്ലായെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ടി സ്ഥലം കാച്ചിനിക്കാട് വ്യവസായ എസ്റ്റേറ്റിനായി ഏറ്റെടുത്തിരുന്നുവെങ്കിലും ജലലഭ്യത ഇല്ലാത്തതിനാൽ ഐ.ടി.ഐ. സ്ഥാപിക്കാനായി വിട്ടുനൽകാൻ പഞ്ചായത്ത് തീരുമാനിക്കുകയായിരുന്നു. ടി സ്ഥലത്ത് ജലലഭ്യത പഞ്ചായത്ത് ഉറപ്പാക്കിയെങ്കിൽ മാത്രമേ ഇവിടെ ഐ.ടി.ഐ. സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.